നമ്പർ എസ്.എസ്.1/23/05/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 23-05-2017

9296

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം: പൊ.വി.-സ്കൂൾ അഡ്മിഷനുമായി ബന്ധപ്പെട്ട് പി.റ്റി.എ. ഫണ്ട് പിരിക്കുന്നത് സംബന്ധിച്ച്.
സൂചന : പൊതുജനങ്ങളുടെ പരാതി അടിസ്ഥാനത്തിൽ

2017-18 അധ്യയനവർഷം ആരംഭിക്കുന്നതിന് മുന്നോടിയായി ഇപ്പോൾ സ്കൂൾ കുട്ടികളുടെ അഡ്മിഷൻ നടക്കുകയാണല്ലോ. നിലവിലുള്ള സർക്കാരിന്റെ ഉത്തരവ് (കൈ).നം.126/07/പൊ.വി.വ തിരുവനന്തപുരം 2007 ജൂൺ 25 പ്രകാരം കുട്ടികളിൽ നിന്ന് പി.റ്റി.എ. ഫണ്ട് പിരിക്കുന്നതിനുള്ള തുക നിശ്ചയിച്ചു തന്നിട്ടുള്ളതാണ്. ഇതിന് വിപരീതമായി വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പേരിൽ പല സ്കൂളുകളും വ്യാപകമായി വലിയ തുക സംഭാവനയായി. പിരിക്കുന്നതായുള്ള ആക്ഷേപം ഈ ആഫീസിൽ ലഭിച്ചിരിക്കുന്നു. അതിനാൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ പിരിക്കാൻ പാടില്ലെന്ന് അടിയന്തിരമായി എല്ലാ പ്രഥമാധ്യാപകർക്കും കർശന നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ കുട്ടികളിൽ നിന്ന് അധിക പിരിവ് നടത്തിയ പ്രഥമാധ്യാപകരോട് വിശദീകരണം ചോദിക്കേണ്ടതും പ്രസ്തുത തുക കുട്ടിക്ക് ഒരാഴ്ചക്കകം തിരികെ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

B/1

2/4/5